## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 1949 — 14.07.2011 ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്. ശർമ്മ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജിഡയുടെയും, ഫിഷറീസ് വകുപ്പിൻെറയും ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്,നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) | ഇടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് ജിഡയുടെയും, ഫിഷറീസ് വകുപ്പിൻെറയും ധനസഹായത്തോടെ 1250 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പറവൂർ മുനിസിപ്പാലിററിയും, സമീപ പഞ്ചായത്തുകൾക്കുമുള്ള പദ്ധതിയുടെ ഭാഗമായി പറവൂരിൽ സ്ഥാപിച്ചിട്ടുള്ള ജല സംഭരണിയിൽനിന്ന് 13.50 കി.മീ., 400 മി.മീ. വ്യാസമുള്ള ഡി 1 കെ 9 പ്രധാന പൈപ്പ് ലൈൻ സ്ഥാപിച്ച് ഇടവനക്കാട് പഞ്ചായത്തിലെ ആനിയിൽ ഉന്നതതല ജലസംഭരണിയിലെത്തിച്ച് ഇടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകളിൽ കുടിവെള്ളം വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കാൻ ഫിഷറീസ് വകുപ്പ് 13.09.2010 ൽ 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 750 ലക്ഷം രൂപ ജിഡയിൽ നിന്ന് ലഭ്യമാക്കാമെന്ന് ജിഡ അധികാരികൾ ഉറപ്പ് നൽകിയിട്ടുണ്ട്. |
| (ബി) | ടാങ്ക് നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ജിഡ യിൽ നിന്ന് ലഭിക്കേണ്ട 750 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആനിയിൽ വിഭാവനം ചെയ്തിട്ടുള്ള ടാങ്കിൻേറയും പദ്ധതിയുടെ ശേഷിക്കുന്ന ഘടകങ്ങളുടേയും ടെൻഡർ നടപടികൾ ആരംഭിക്കാവുന്നതാണ്. |

(സി) ഞാറയ്ക്കൽ, മാലിപ്പുറം എന്നിവിടങ്ങളിലെ വാട്ടർ ടാങ്കുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

(സി) ഞാറയ്ക്കൽ, മാലിപ്പുറം എന്നിവിടങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന വാട്ടർ ടാങ്കും ജിഡ ധനസഹായത്തോടെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ . നായരമ്പലം പഞ്ചായത്തുകളിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിൽ 17.9 എൽ.എൽ കപ്പാസിററിയുള്ള ഞാറയ്ക്കലിലെ ടാങ്കിൻെറ പൈലിങ്ങ് പണികൾ നടന്നുവരുന്നു. 13.8 എൽ.എൽ കപ്പാസിററിയുള്ള മാലിപ്പുറത്ത് ഉള്ള ടാങ്കിൻെറ പൈലിങ് പണികൾ പൂർത്തീകരിച്ച് ടാങ്കിൻെറ സപ്പോർട്ടിംഗ് കോളങ്ങളുടെ പണികൾ ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്നു.

സെക്ഷൻ ഓഫീസർ